അനുബന്ധം - 2

**ശ്രീ. എം. രാജഗോപാലൻ എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി**

കാസർഗോഡ് ജില്ലയുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് തയ്യാറാക്കിയ ഡോ. പി. പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ച 6,500 കോടി രൂപ അടങ്കൽ വരുന്ന ചീമേനി പവർ പ്ലാന്റ് (5,500 കോടി രൂപ), ഇരുമ്പയിര് പെല്ലറ്റൈസേഷൻ പ്ലാന്റ് (1,000 കോടി രൂപ) എന്നീ പദ്ധതികൾ ജില്ലയിൽ നടപ്പാക്കാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ട്. മേൽപദ്ധതികൾക്ക് പകരമായി ജില്ലയുടെ സമഗ്ര വികസനത്തിന് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിക്കാത്ത പുതിയ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം തീരുമാനിക്കുകയും ഇതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

കാസർഗോഡ് വികസന പാക്കേജിൽ പുതിയ പദ്ധതികൾ കൂട്ടിച്ചേർക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ ജനപ്രതിനിധികളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും

ഏജൻസികളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പദ്ധതി നിർദ്ദേശങ്ങൾ വിവിധ വകുപ്പ് യോഗങ്ങളിൽ ചർച്ച ചെയ്യുകയും കഴിഞ്ഞ 10 വർഷത്തെ ജില്ലയുടെ അടിസ്ഥാന സൗകര്യ വികസനം സംബന്ധിച്ച മാറിയ കാഴ്ചപ്പാടും നിലവിലെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലവും പരിഗണിച്ച് ജലസുരക്ഷ (1594.10 കോടി രൂപ), ഭക്ഷ്യ സുരക്ഷ (366.9 കോടി രൂപ), സാമ്പത്തിക സുരക്ഷ (2959.82 കോടി രൂപ), സാമൂഹിക സുരക്ഷ (1579.18 കോടി രൂപ) എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള Shelf of Projects ആയിട്ടാണ് പദ്ധതികൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. 6,500 കോടി രൂപ അടങ്കൽ വരുന്ന പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന പ്ലാനിംഗ് ബോർഡ് പരിശോധിച്ച് അംഗീകാരത്തിനായി കാസർഗോഡ് വികസന പാക്കേജിനായുള്ള സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുകയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗം തത്വത്തിൽ അംഗീകരിക്കുകയും മന്ത്രിസഭയുടെ അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ പദ്ധതി നടപ്പിലാക്കാനാവശ്യമായ കരട് പ്രോജക്ട് റിപ്പോർട്ട് നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.